(എഫ്) പഞ്ചായത്ത് 28-2-2005-ൽ എടുത്തിട്ടുള്ള തീരുമാനപ്രകാരം ഭൂമി വിട്ടുകൊടുക്കാൻ സ്വയം നടപടി സ്വീകരിക്കാൻ പഞ്ചായത്തിനോട് ആവശ്യപ്പെടുന്നതാണ്.

(ജി) പഞ്ചായത്തിന്റെ 28-2-2005-ലെ 77/05-ാം നമ്പർ തീരുമാനപ്രകാരം പ്രസ്തുത സ്ഥലം ലീസിനോ വാടകയ്ക്കോ ഹാന്റ്ക്സിന് കൈമാറാൻ ഗ്രാമ പഞ്ചായത്ത് തീരുമാനിക്കുകയും ഈ വിവരം ഹാന്റ്ക്സ് എം. ഡി.-യെ അറിയിച്ചിട്ടുമുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹാന്റ്ക്സും ഗ്രാമപഞ്ചായത്തും തമ്മിലുള്ള ഉഭയകക്ഷി ചർച്ചയിലൂടെ കൈമാറ്റ നടപടി പൂർത്തീകരിയ്ക്കാവുന്നതാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം

82 [1021] ശ്രീ. ടി. കെ. ദേവകുമാർ :
" എ. കെ. ബാലൻ :
" പി. സി. ജോർജ് :
ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-06 സാമ്പത്തിക വർഷത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി എന്തു തുക നൽകിയിട്ടുണ്ട് ;

(ബി) പദ്ധതി വിഹിതമായി 2005-06-ലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയായിരുന്നു ;

(സി) സാമ്പത്തിക വർഷം അവസാനിക്കാൻ മാസങ്ങൾ അവശേഷിക്കേ പദ്ധതി തുക നൽകാത്തതുമൂലം വികസന പ്രവർത്തനങ്ങൾ നടക്കുന്നില്ലായെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2001-02 മുതൽ 2005-06 വരെയുള്ള ഓരോ വർഷവും എത്രതുക വീതം നൽകിയിട്ടുണ്ട് ;

(ഇ) പ്രസ്തുത ഓരോ വർഷവും ബഡ്ജറ്റിൽ നീക്കിവച്ച തുക എത്ര വീതമായിരുന്നു ?

ഉത്തരം

(എ) 2005-06 സാമ്പത്തിക വർഷത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി 964.65 കോടി രൂപ ഇതുവരെ നൽകിയിട്ടുണ്ട്.

(ബി) 1375 കോടി രൂപ.

(സി) വികസന പ്രവർത്തനങ്ങൾക്ക് പദ്ധതി തുക നൽകുന്നത് മുടക്കം വരുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2001-02 മുതൽ 2005-06 വരെയുള്ള ഓരോ വർഷവും നൽകിയ തുക ചുവടെ ചേർക്കുന്നു :

2001-02	-	637.50 കോടി രൂപ
2002-03	-	1006.50 കോടി രൂപ
2003-04	-	1454.45 കോടി രൂപ
2004-05	-	951.60 കോടി രൂപ
2005-06	-	964.65 കോടി രൂപ

(ജനുവരി വരെ)

(ഇ) ബഡ്ജറ്റിൽ ഓരോ വർഷവും നീക്കിവച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

2001-02	-	850.00 കോടി രൂപ
2002-03	-	1342.00 കോടി രൂപ
2003-04	-	1317.00 കോടി രൂപ
2004-05	-	1350.00 കോടി രൂപ
2005-06	-	1375.00 കോടി രൂപ

സുസ്ഥിര വികസന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ശുദ്ധജല വിതരണം

83 [1022] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഡി.ബി.-യുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന സുസ്ഥിര നഗര വികസന പദ്ധതിയുമായി ബന്ധപ്പെട്ട് എ.ഡി.ബി.-യുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത് ആരാണ് ; ഇതിൽ നഗരസഭകൾക്കുള്ള പങ്ക് എന്താണ് ;

(ബി) സുസ്ഥിര നഗര വികസന പദ്ധതി നടപ്പിലാക്കുമ്പോൾ നഗരസഭകളിൽ വെള്ളക്കരം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ 5 വർഷംകൊണ്ട് എത്ര ശതമാനം വർദ്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വർദ്ധനവ് വരുത്തുന്നതിന്റെ രീതി എന്താണ് ;

(സി) നഗരസഭകൾ നിലവിലുള്ള വെള്ളക്കര നിരക്ക് വർദ്ധിപ്പിക്കാതിരിക്കുവാൻ അധികാരം ഉണ്ടാകുമോ ;

(ഡി) പദ്ധതി നടപ്പിൽ വരുന്ന പ്രദേശത്ത് പൊതു ടാപ്പുകൾ നിർത്തലാക്കുന്നതിനോ നിയന്ത്രണം ഏർപ്പെടുത്തുന്നതിനോ ഉദ്ദേശമുണ്ടോ ;

(ഇ) പദ്ധതി നടപ്പിലാക്കുന്ന പ്രദേശത്ത് ഇപ്പോൾ ഉള്ളതിനെക്കാൾ കൂടുതൽ പൊതു ടാപ്പുകൾ സ്ഥാപിച്ച് സൗജന്യമായി കുടിവെള്ളം നൽകുവാൻ കഴിയുമോ ;

LIBRARY ARCHIVES Kerala Legislative Assembly